വർദ്ധനവ് കൊടുത്തു കൊണ്ടിരിക്കുന്നത്. ഗവൺമെന്റ് കർഷകരുടെ പ്രതിസന്ധി കണ്ടില്ലെന്ന് നടിക്കുവാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടുതന്നെയാണ് ഇതിന്റെ വർദ്ധനവ് കാലാകാലങ്ങളായി നൽകിക്കൊണ്ടിരിക്കുന്നത്. അദ്ദേഹം പറഞ്ഞ ഒരു കാര്യം യഥാസമയം ഇതിന്റെ തുക കൊടുക്കുക എന്നുള്ളതാണ്. സപ്ലൈകോയ്ക്ക് ഗവൺമെന്റ് തുക ലഭ്യമാക്കുന്നതിലുള്ള കാലതാമസമാണ് പലപ്പോഴും കർഷകർക്ക് തുക കൊടുക്കുവാൻ വൈകുന്നത്. സപ്ലൈകോ സ്വന്തമായ നിലയിൽ തന്നെ ലോൺ അവെയിൽ ചെയ്ത് കൊടുക്കുന്നുണ്ട്. ഏറ്റവുമൊടുവിൽ ഫെബ്രുവരി 15-ാം തീയതി വരെ സംഭരിച്ച നെല്ലിന്റെ മുഴുവൻ തുകയും കർഷകർക്ക് കൊടുത്ത സാഹചര്യമാണുള്ളത്. ഇവിടെ മറ്റൊരു വിഷയം അദ്ദേഹം സൂചിപ്പിച്ചത് സംഭരണവിലയുടെ കാര്യമാണ്. അത് സംബന്ധിച്ച് ഒരു ചോദ്യം നാളെ പ്ലോറിൽ വരുന്നുണ്ട്. 13.60 രൂപ ആദ്യഗഡുവായി ഞങ്ങൾ കൊടുക്കുകയുണ്ടായി. അങ്ങനെ കൊടുത്തപ്പോൾ വളരെയേറെ തെറ്റിദ്ധരിപ്പിക്കുന്ന നിലയിലേക്ക് അതിന് പ്രചരണം കൊടുത്തു എന്നതാണ് വസ്തുത. സംഭരണവില ഗവൺമെന്റ് കൂട്ടിയിട്ടില്ല. 19 രൂപ തന്നെയാണ് നെല്ലിന്റെ സംഭരണവിലയായി ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത്. 13.60 രൂപ ആദ്യഗഡുവായി കൊടുത്തത് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ കർഷകർക്ക് ലോൺ എടുത്തുവരുന്ന സാഹചര്യത്തിൽ ലഭ്യമായിരിക്കുന്ന തുക ഉടനെതന്നെ വിതരണം ചെയ്യുക എന്ന സദുദ്ദേശത്തോടെയായിരുന്നു. എന്തായാലും സംഭരണവില 19 രൂപയായിത്തന്നെ നിലനിർത്തിയിരിക്കുകയാണ്. തുക വർദ്ധിപ്പിക്കുന്നതിന് വിവിധ റെപ്രസന്റേഷൻ ഗവൺമെന്റിന്റെ മുമ്പാകെയുണ്ട്. കേന്ദ്രഗവൺമെന്റ് ഈ അടുത്ത കാലത്തൊന്നും വർദ്ധിപ്പിച്ചിട്ടില്ല. സംസ്ഥാന ഗവൺമെന്റ് തന്നെയാണ് തുടരെത്തുടരെ തുക—വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്. കർഷകത്തൊഴിലാളികളുടെയുള്ളവരുടെ റെപ്രസന്റേഷൻസ് ഗവൺമെന്റിന്റെ മുമ്പാകെയുണ്ട്. സംഭരണവില വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. കർഷകരുടെ കാര്യങ്ങൾ ഗവൺമെന്റ് ഒരിക്കലും കണ്ടില്ലെന്ന് നടിക്കാൻ ആഗ്രഹിക്കുന്നില്ല. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കും.

## 8. നെടുമ്പ്രക്കാട്-വിളക്കുമരം പാലം

11.52 AM]

ശ്രീ. പി. തിലോത്തമൻ : സർ, ചേർത്തല, അമ്പലപ്പുഴ മണ്ഡലങ്ങളുടെ കിഴക്കൻ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതും ദീർഘകാലമായി ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ വലിയ അഭിലാഷവുമായിരുന്ന നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന്റെ നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കണമെന്നതാണ് ഈ സബ്മിഷനിൽ ഉന്നയിക്കുവാനുള്ളത്. ഈ വിഷയം സംബന്ധിച്ച് നിരവധി തവണ ഞാൻ സഭയിൽ സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. പത്തു വർഷങ്ങൾക്കുമുമ്പ് നിർമ്മാണം ആരംഭിച്ച ഈ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഒരു ഡിസൈൻ ഭേദഗതി പറഞ്ഞുകൊണ്ട് നിർത്തിവയ്ക്കുകയാണുണ്ടായത്. ആ ഡിസൈൻ ഭേദഗതി കഴിഞ്ഞു. റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടും നിർമ്മാണപ്രവർത്തനം ഇതുവരെയും ആരംഭിക്കാൻ സാധിച്ചിട്ടില്ല. പത്തുവർഷമായി നിർമ്മാണ പ്രവർത്തനം നിലച്ച് കരാറുകാരൻ ഉപേക്ഷിച്ചിട്ടുപോയ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരന്തരമായ പ്രക്ഷോഭങ്ങളും സമരങ്ങളും ആ പ്രദേശത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരുരൂപപോലും ആ പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി നീക്കിവയ്ക്കുകയുണ്ടായില്ല. അതാണ് നിർമ്മാണപ്രവൃത്തികൾ മുന്നോട്ടുകൊണ്ടു പോകാൻ കഴിയാത്ത സ്ഥിതിയിലെത്തിച്ചത്. ഒരു പ്രദേശത്തെ ജനങ്ങളുടെ പ്രധാനമായ ഒരാവശ്യം എന്നതിന്റെ അടിസ്ഥാനത്തിൽ ഈ പാലത്തിന്റെ നിർമ്മാണം എത്രയുംവേഗം ആരംഭിക്കുന്നതിനാവശ്യമായ ഫണ്ട് നീക്കിവയ്ക്കണമെന്നാണ് എനിക്ക് ഉന്നയിക്കുവാനുള്ളത്.

11.54 AM]

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ചേർത്തല, അരൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന്റെ നിർമ്മാണം 2004-ലാണ് ഗവൺമെന്റ് ആരംഭം കുറിച്ചത്. നിർഭാഗ്യവശാൽ ആ പാലം നിർമ്മാണത്തിന് പല തടസ്സങ്ങളുമുണ്ടായി. ഒന്ന്, ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള പ്രശ്നങ്ങളാണ്. ആദ്യം ഇതിനായി ആറുകോടി രൂപയുടെ ഭരണാനുമതിയാണ് കൊടുത്തിരുന്നത്. പിന്നീടത് 10 കോടി 80 ലക്ഷം രൂപയാക്കി മാറ്റി. രണ്ടുവർഷത്തിനകം ഭൂമി ഏറ്റെടുക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ 2011-ൽ മേൽപ്പറഞ്ഞ ഭരണാനുമതി ലാപ്സായിപ്പോയി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 2014-ലെ സർക്കാർ ഉത്തരവനുസരിച്ചാണ് രണ്ടുകോടി രൂപ ഭൂമി ഏറ്റെടുക്കാനായി അനുവദിച്ചത്. ഇപ്പോൾ ഭൂമി കിട്ടിയിട്ടുണ്ട്. മറ്റ് പ്രശ്നമൊന്നുമില്ല. 25 കോടി രൂപയാണ് ഇപ്പോഴത്തെ എസ്റ്റിമേറ്റ്. ഏതായാലും അവിടത്തെ ജനങ്ങളുടെ ആവശ്യം പരിഗണിക്കുന്നതാണ്. മാത്രമല്ല, 2004-ൽ തുടങ്ങിയ പണിയാണെങ്കിലും ഇതുവരെ യാതൊരുവർക്കും ആരംഭിച്ചിട്ടില്ല. അടുത്ത നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 25 കോടി രൂപ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly